<u>പതിമൂന്നാം കേരള നിയമസഭ</u>

<u>അഞ്ചാം സമ്മേളനം.</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. T 5979

10-07-2012 ലെ മറുപടിക്ക്.

<u>സംസ്ഥാന നിർവ്വഹണ ഏജൻസികൾക്ക് ഏകീകൃത അക്കൗണ്ടിംഗ് രീതി</u>

<u>ചോദ്യം</u>

ശ്രീ. പി.കെ. ഗുരുദാസൻ
ശ്രീ. പി.റ്റി. എ. റഹീം
ശ്രീ. കെ.വി. വിജയദാസ്
ശ്രീ. എസ്. രാജേന്ദ്രൻ.

<u>ഉത്തരം.</u>

ശ്രീ. കെ.സി. ജോസഫ്
ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | സംസ്ഥാന നിർവ്വഹണ ഏജൻസികൾ വഴി കേന്ദ്ര ഗവൺമെന്റ് നടപ്പാക്കുന്ന പദ്ധതികളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | (എ) | സംസ്ഥാന നിർവ്വഹണ ഏജൻസികൾ വഴി കേന്ദ്ര ഗവൺമെന്റ് നടപ്പാക്കുന്ന പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതികളും ഈ വർഷത്തെ ലക്ഷ്യവും നേട്ടവും വിശദമാക്കുമോ; | (ബി) | അവശ്യാധിഷ്ടിത പദ്ധതികൾ ആയതിനാൽ എല്ലാ പദ്ധതികളുടെയും ഭൗതിക സാമ്പത്തിക ലക്ഷ്യങ്ങൾ നിശ്ചയിച്ചിട്ടില്ല പ്രസ്തുത പദ്ധതികളും 2012-13 വർഷത്തെ (31-05-2012 വരെയുള്ള) നേട്ടവും അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഈ വർഷത്തെ ഇതേവരെയുള്ള കാലയളവിൽ ലക്ഷ്യത്തിനനുസൃതമായ നേട്ടം ഉണ്ടാകാത്ത കേന്ദ്ര പദ്ധതികൾ ഏതൊക്കെയാണ്; വിശദമാക്കുമോ; | (സി) | മാസംതോറുമുള്ള ലക്ഷ്യങ്ങൾ നിശ്ചയിച്ചി-ട്ടില്ലാത്തതിനാൽ ലക്ഷ്യത്തിനനുസരിച്ച നേട്ടം ഉണ്ടായിട്ടുണ്ടോ എന്ന് ഇപ്പോൾ വിലയിരുത്താൻ സാധിക്കുകയില്ല. |
| (ഡി) | സംസ്ഥാന നിർവ്വഹണ ഏജൻസികൾക്ക് ഏകീകൃത അക്കൗണ്ടിംഗ് രീതിയുണ്ടോ; ഇതാവശ്യമാണോ? | (ഡി) | സംസ്ഥാന നിർവ്വഹണ ഏജൻസികൾ വഴി കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പദ്ധതി-കൾക്ക് കേന്ദ്രസർക്കാർ നിഷ്ക്കർഷിക്കുന്ന അക്കൗണ്ടിംഗ് രീതി നടപ്പിലാക്കി വരുന്നു. |

Sheela H

സെക്ഷൻ ഓഫീസർ

## അനുബന്ധം.

| പദ്ധതികളുടെ പേര് | സാമ്പത്തിക നേട്ടം (31-05-2012 വരെ) | ലക്ഷ്യം. |
|---|---|---|
| 1. പ്രധാനമന്ത്രി ഗ്രാമ സഡക് യോജന | 947.48 ലക്ഷം | വിവിധ ഘട്ടങ്ങളായി നടപ്പിലാക്കുന്ന പദ്ധതി ആയതിനാൽ ഭൗതിക സാമ്പത്തിക ലക്ഷ്യങ്ങൾ നിശ്ചയിച്ചിട്ടില്ല. |
| 2. ഇന്ദിരാ ആവാസ് യോജന | 2252.23 ലക്ഷം | ഗ്രാമപ്രദേശങ്ങളിലെ പട്ടികജാതി പട്ടിക വിഭാഗക്കാർ, അടിമതൊഴിലിൽ നിന്നും മോചിക്കപ്പെട്ടവർ തുടങ്ങിയവർക്ക് വീട് നിർമ്മിക്കുന്നതിനായിട്ടാണ് ഈ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. ഈ വർഷം 28249.29 ലക്ഷം രൂപയുടെ പദ്ധതിക്കാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| 3. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി. | 4870.77 ലക്ഷം | അവശ്യാധിഷ്ഠിത പദ്ധതി ആയതിനാൽ ഭൗതിക സാമ്പത്തിക ലക്ഷ്യങ്ങൾ നിശ്ചയിച്ചിട്ടില്ല. |
| 4. ഐ.ഡബ്ല്യു.ഡി.പി. | 49.80 ലക്ഷം | ഒരു നിശ്ചിത പ്രോജക്ടിന്റെ അടിസ്ഥാനത്തിലുള്ള പദ്ധതി ആയതിനാൽ ഭൗതിക സാമ്പത്തിക ലക്ഷ്യങ്ങൾ നിശ്ചയിച്ചിട്ടില്ല. |
| 5. സമ്പൂർണ്ണ ശുചിത്വ യജ്ഞം | 123.20 ലക്ഷം | സാനിട്ടറി കോംപ്ലക്സുകൾ, സ്ക്കൂൾ ടോയ്ലറ്റുകൾ, അംഗൻവാടി ടോയ്ലറ്റുകൾ, റൂറൽ സാനിട്ടറി മാർട്ട് എന്നിവയുടെ നിർമ്മാണം, ഖരദ്രവ്യമാലിന്യ സംസ്കരണം എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഒരു നിശ്ചിത പ്രോജക്ടിന്റെ അടിസ്ഥാനത്തിലുള്ള പദ്ധതി ആയതിനാൽ ഭൗതിക സാമ്പത്തിക ലക്ഷ്യങ്ങൾ നിശ്ചയിച്ചിട്ടില്ല |
| 6. ദേശീയ ഹോർട്ടികൾച്ചർ മിഷൻ | 197.086 ലക്ഷം | പ്രാദേശികാടിസ്ഥാനത്തിൽ കൃഷിചെയ്യുന്ന പഴങ്ങൾ പച്ചക്കറികൾ കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയവയുടെ വികസനത്തിനായി പ്രോജക്ടുകൾ തയ്യാറാക്കി സമഗ്ര വികസനം പ്രോൽസാഹിപ്പിക്കുകയാണ് ലക്ഷ്യം. 8500 ലക്ഷം രൂപയുടെ പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ട്. |
| 7. എൻ.ആർ.എച്ച്. എം | 2317.02 ലക്ഷം | മെറ്റേണൽ ഹെൽത്ത്, ആശ എന്നീ പദ്ധതികളുടെ കീഴിൽ സമഗ്രവികസനമാണ് ലക്ഷ്യം. ഇതിനായി 23874.59 ലക്ഷം രൂപയുടെ പദ്ധതിക്കാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

Sheela H

സെക്ഷൻ ഓഫീസർ.